## പതിനാറാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## ഒന്നാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026 ജൂൺ

പതിനാറാം  കേരള നിയമസഭ

# കാര്യോപദേശക സമിതി

## ഒന്നാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026 ജൂൺ

687/2026.

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | പേജ് |
| 1. | സമിതിയുടെ ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | 2026 മേയ് 29-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ് | .. | 3 |

# കാര്യോപദേശക സമിതി

## ഘടന

<u>എക്സ് - ഒഫീഷ്യോ ചെയർമാൻ</u> :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (സ്പീക്കർ).

<u>അംഗങ്ങൾ</u> :

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. ബി. ബി. ഗോപകുമാർ
3. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
4. ശ്രീ. മോൻസ് ജോസഫ്
5. ശ്രീ. കെ. രാജൻ
6. ശ്രീ. വി. ഡി. സതീശൻ
7. ശ്രീ. ഷിബു ബേബി ജോൺ
8. ശ്രീ. പിണറായി വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്.

# റിപ്പോർട്ട്

സഭാ നേതാവും കാര്യോപദേശക സമിതിയംഗവുമായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2026 മേയ് 29- ാം തീയതി, വെള്ളിയാഴ്ച രാവിലെ 10.40 - ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ ശിപാർശകൾ താഴെക്കൊടുത്തിരിക്കുന്നു:

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2026 ജൂൺ 1-ന് സഭ ചേരേണ്ടതില്ലെന്നും, പകരം 2026 ജൂൺ 4-ന് സഭ ചേരണമെന്നും പ്രസ്തുത ദിവസം നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ ചർച്ചയ്ക്കായി വിനിയോഗിക്കണമെന്നും ശിപാർശ ചെയ്യുന്നു.

നിലവിലെ കലണ്ടർ പ്രകാരം ജൂൺ 4-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിയേണ്ട സഭ 2026 ജൂൺ 19, വെള്ളിയാഴ്ച മുതൽ വീണ്ടും ചേരുന്നതിനും അന്ന് 2026-27-ലെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനും ശിപാർശ ചെയ്യുന്നു. തുടർന്ന് 2026 ജൂൺ 22, 23, 24 എന്നീ തീയതികളിൽ 2026-27-ലെ പുതുക്കിയ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച നടത്താവുന്നതാണെന്നും 2026 ജൂൺ 29, 30 എന്നീ തീയതികളിൽ പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ ചർച്ചയും വോട്ടെടുപ്പും നടത്താവുന്നതാണെന്നും 2026 ജൂലൈ 1-ന് പുതുക്കിയ ബജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ പരിഗണനയ്ക്കായി വിനിയോഗിക്കണമെന്നും ശിപാർശ ചെയ്യുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 2.

വി. ഡി. സതീശൻ,
*സഭാ നേതാവും*
*കാര്യോപദേശക സമിതി അംഗവും.*

# 2026 മേയ് 29 -ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗ നടപടിക്കുറിപ്പ്

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2026 മേയ് 29- ാം തീയതി, വെള്ളിയാഴ്ച, രാവിലെ 10.40-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

ശ്രീ. വി. ഡി. സതീശൻ

ശ്രീ. പിണറായി വിജയൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഷിബു ബേബി ജോൺ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. കെ. രാജൻ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. സണ്ണി ജോസഫ് (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. സി. പി. ജോൺ (പ്രത്യേക ക്ഷണപ്രകാരം)

ശ്രീമതി കെ. കെ. രമ (പ്രത്യേക ക്ഷണപ്രകാരം)

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി.

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ കലണ്ടർ പ്രകാരം 2026 ജൂൺ 1-ന് നിശ്ചയിച്ചിട്ടുള്ള സഭാ സമ്മേളനം ചേരേണ്ടതില്ലെന്നും, പകരം 2026 ജൂൺ 4-ന് സഭ ചേരണമെന്നും പ്രസ്തുത ദിവസം നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ ചർച്ചയ്ക്കായി വിനിയോഗിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമ്മേളന കാലയളവിലെ 2026 ജൂൺ 2, 3, 4 എന്നീ തീയതികളിൽ ചട്ടം 50 പ്രകാരമുള്ള നോട്ടീസ്, ശ്രദ്ധ ക്ഷണിക്കൽ നോട്ടീസ് എന്നിവ മാത്രം അനുവദിക്കാം എന്ന ബഹു. സ്പീക്കറുടെ നിർദ്ദേശം സമിതി അംഗീകരിച്ചു.

നിലവിലെ കലണ്ടർ പ്രകാരം ജൂൺ 4 -ന് അനിശ്ചിത കാലത്തേയ്ക്ക് പിരിയേണ്ട സഭ 2026 ജൂൺ 19, വെള്ളിയാഴ്ച മുതൽ വീണ്ടും ചേരുന്നതിനും അന്ന് 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2026 ജൂൺ 22, 23, 24 എന്നീ തീയതികളിൽ 2026-27-ലെ പുതുക്കിയ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച നടത്താവുന്നതാണെന്നും 2026 ജൂൺ 29, 30 എന്നീ തീയതികളിൽ പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ ചർച്ചയും വോട്ടെടുപ്പും നടത്താവുന്നതാണെന്നും 2026 ജൂലൈ 1-ന് പുതുക്കിയ ബഡ്ജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ പരിഗണനയ്ക്കായി വിനിയോഗിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു. ഇപ്രകാരം 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിന്മേലുള്ള നടപടിക്രമം പൂർത്തിയാക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പൂർണമായും, 143 ഭാഗികമായും താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശവും സമിതി അംഗീകരിച്ചു.

2026 ജൂൺ 17, 18 എന്നീ തീയതികളിൽ പതിനാറാം കേരള നിയമസഭയിലെ അംഗങ്ങൾക്കായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് എല്ലാ കക്ഷി നേതാക്കളുടേയും പൂർണ സഹകരണം ഉണ്ടാകണമെന്നും സ്പീക്കർ യോഗത്തിൽ അറിയിക്കുകയുണ്ടായി.

യോഗം രാവിലെ 10.55 - ന് അവസാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.